**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6185** **09-11-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ നിന്നും പുനർഗേഹം പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ്; | (എ) | മണലൂർ മണ്ഡലത്തിൽ സർവ്വേ പ്രകാരം 50 മീറ്റർ പരിധിക്കുള്ളിൽ 85 കുടുംബങ്ങൾ ഉണ്ടെങ്കിലും 39 കുടുംബങ്ങൾ ആണ് മാറി താമസിക്കുവാൻ തയ്യാറായിട്ടുള്ളത് . |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചു; | (ബി) | പദ്ധതി പ്രകാരം ഇത് വരെ 12 വീടുകൾ നിർമ്മിച്ചു |
| (സി) | എത്ര വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു; നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (സി) | 6 വീടുകളുടെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു .ഇതിൽ 2 ഗുണഭോക്താക്കൾ രണ്ടാം ഗഡു കൈപ്പറ്റി രണ്ടാം ഘട്ടം പൂർത്തീകരിക്കുകയും 4 പേർ ഒന്നാം ഗഡു കൈപ്പറ്റി ഒന്നാം ഘട്ടം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് |
| (ഡി) | ഈ പദ്ധതി പ്രകാരം വീടുകളുടെ നിർമ്മാണം ആരംഭിക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എത്ര വീടുകൾ നിർമ്മിക്കാൻ ബാക്കിയുണ്ടെന്നും അവയുടെ നിർമ്മാണത്തിനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (ഡി) | മാറി താമസിക്കുവാൻ തയ്യാറായ 39 പേരിൽ 21 പേർ ബാക്കി ഉണ്ട് .ഇവരിൽ 6 പേർ ഭൂമി കണ്ടെത്തി I D T നടപടി പൂർത്തീകരിച്ചിട്ടുണ്ട് .15 പേർക്ക് ഭൂമി കണ്ടെത്താനുള്ള നടപടി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ